"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനം. - എൽ.എ.സി. 393/2007 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരമുള്ള അവാർഡ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1365/2025/LSGD          തീയതി, തിരുവനന്തപുരം, 02-06-2025**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 30/09/2024 തീയതിയിലെ എസ്1/909/2021/ടിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 55/2025/ത.സ്വ.ഭ.വ, തീയതി, 06/01/2025.
3. സ.ഉ.(സാധാ) നം. 4119/2025/ധന, തീയതി, 06/05/2025.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി. 393/2007 പ്രകാരം വസ്തു ഏറ്റെടുത്തതിന് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം ശ്രീമതി. വസന്ത സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 13,06,047/- രൂപ (പതിമൂന്ന് ലക്ഷത്തി ആറായിരത്തി നാല്പത്തിയേഴ് രൂപ മാത്രം) അനുവദിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) എൽ.എ.സി. 393/2007 പ്രകാരം വസ്തു ഏറ്റെടുത്തതിന് പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരം ശ്രീമതി വസന്ത സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 13,06,047/- രൂപ (പതിമൂന്ന് ലക്ഷത്തി ആറായിരത്തി നാല്പത്തിയേഴ് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം '4217-60-800-93-Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 13,07,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ ജി.ജി. ഹോസ്പിറ്റൽ -

കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി. 393/2007 പ്രകാരം വസ്തു ഏറ്റെടുത്തതിന് പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരം ശ്രീമതി. വസന്ത സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 13,06,047/- രൂപ (പതിമൂന്ന് ലക്ഷത്തി ആറായിരത്തി നാല്പത്തിയേഴ് രൂപ മാത്രം) ശ്രീമതി. വസന്ത (D/oകാർത്ത്യായനി, റ്റി.സി.79/2677, പറമ്പിൽ വീട്, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം)-യ്ക്ക് അനുവദിക്കുന്നതിനായി 4217-60-800-93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീമതി വസന്ത, D/oകാർത്ത്യായനി, റ്റി.സി.79/2677, പറമ്പിൽ വീട്, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/23/2025-Fin dated 20/05/2025).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/419 /2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 03-06-2025 16:45:54

സെക്ഷൻ ഓഫീസർ